LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഏഴാം പ്രതി ഒഴികെ ബാക്കി എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

1. പ്രജിത്ത് @ കുട്ടാപ്പി S/o സുമതി
2. ശ്യാം മോഹൻ @ ശ്യാം S/o മോഹനൻ
3. സുരേഷ്, എ. S/o കൃഷ്ണൻ
4. ശ്രീജയൻ, വി. S/o കുറവൻ
5. രഞ്ജിത്ത്, S/o ശേഖരൻ
6. ഷിബു, കെ. S/o കുഞ്ഞികേളൻ നായർ
7. അബ്ദുൾ മജീദ് @ മജീദ്, S/o അബ്ദുള്ള

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) 2013 സെപ്റ്റംബർ 16-ാം തീയതി തിരുവോണനാളിൽ മാങ്ങാട് വെച്ച് എം.ബി. ബാലകൃഷ്ണൻ വധിക്കപ്പെട്ടത് കോൺഗ്രസ് ഉന്നത നേതാക്കന്മാരുടെ ഗൂഡാലോചനയുടെ ഭാഗമായിട്ടാണെന്നും ഡി.സി.സി. ജനറൽ സെക്രട്ടറി വി. ആർ. വിദ്യാസാഗർ, ശ്രീജയൻ, ഫർഷാദ് മാങ്ങാട് എന്നിവരുടെ നേതൃത്വത്തിൽ ഗൂഡാലോചന നടത്തി എന്നതാണ് ആരോപണം.

ഷിബുവിനെ ചോദ്യം ചെയ്തതിൽ ടിയാൻ 2 വർഷക്കാലം ഒളിവിൽ കഴിഞ്ഞതിലുള്ള മനോവിഷമത്തിൽ ടിയാന്റെ ലെറ്റർപാഡിൽ എഴുതി, പാർട്ടി നേതൃത്വത്തോടുള്ള രോഷവും ടിയാന്റെ വിഷമങ്ങളും വിളിച്ച് പറഞ്ഞിട്ടുള്ളതാണെന്ന് വെളിവായിട്ടുണ്ട്. കൂടാതെ ടിയാന്റെ മൊഴിയും കേസിലെ ഏഴാം പ്രതിയായ മജീദിനെയും കുടുക്കുന്നതിനുവേണ്ടി കോൺഗ്രസ് നേതാക്കൾ ഗൂഡാലോചന നടത്തിയെന്നും ആരോപിച്ചിരുന്നു. അന്വേഷണത്തിൽ ടി ആരോപണങ്ങൾ കളവാണെന്ന് വെളിവായിട്ടുണ്ട്.

എം. ബി. ബാലകൃഷ്ണന്റെ കൊലപാതകം

227 (235) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ 2013 സെപ്തംബർ 16-ന് കൊലചെയ്യപ്പെട്ട എം.ബി. ബാലകൃഷ്ണൻ കൊലക്കേസ്സിലെ 6-ാം പ്രതി 16-9-2015-ന് കാസർഗോഡ് പ്രസ്സ് ക്ലബ്ബിൽ വെച്ച് സ്വന്തം കൈപ്പടയിൽ തയ്യാറാക്കിയ കുറിപ്പോടെ വിളിച്ചു ചേർത്ത പത്രസമ്മേളനത്തിലെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പത്രസമ്മേളനത്തിൽ, കൊലയുമായി ബന്ധപ്പെട്ട്, നടത്തിയ വെളിപ്പെടുത്തലുകൾ എന്തെല്ലാമായിരുന്നു ; വിശദാംശങ്ങൾ അറിയിക്കാമോ ; ആരെയൊക്കെ കുറിച്ചായിരുന്നു പരാമർശിച്ചിരുന്നത് ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശിക്കപ്പെട്ടവരെ വിളിച്ചുവരുത്തി അന്വേഷണസംഘം ചോദ്യം ചെയ്തിരുന്നുവോ ; വിശദാംശങ്ങൾ അറിയിക്കാമോ ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഡി) പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ, ഗൂഢാലോചന സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന പരേതന്റെ വിധവ കെ.വി. അനിതയുടെ ഹർജിയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2013 സെപ്റ്റംബർ 16-ാം തീയതി തിരുവോണനാളിൽ മാങ്ങാട് വെച്ച് എം.ബി. ബാലകൃഷ്ണൻ വധിക്കപ്പെട്ടത് കോൺഗ്രസ് ഉന്നത നേതാക്കന്മാരുടെ ഗൂഢാലോചനയുടെ ഭാഗമായി കാണുന്നു. ഡി.സി.സി. ജനറൽ സെക്രട്ടറി വി.ആർ. വിദ്യാസാഗർ, ശ്രീജയൻ, ഫർഷാദ് മാങ്ങാട് എന്നിവരുടെ നേതൃത്വത്തിൽ ഗൂഢാലോചന നടത്തി എന്നതാണ് ആരോപണം.

(സി) ചോദ്യം ചെയ്തിരുന്നു. കേസിലെ ആറാം പ്രതി ഷിബു, ഏഴാം പ്രതി മജീദ് എന്നിവരെ പ്രതികളാക്കുന്നതിനുവേണ്ടി മേൽപ്പറഞ്ഞ നേതാക്കന്മാർ ഗൂഢാലോചന നടത്തി എന്നാണ് ആറാം പ്രതി ഷിബുവിന്റെ ആരോപണം. ടി കാര്യത്തെ കുറിച്ച് അന്വേഷണം നടത്തിയതിൽ ആരോപണം കളവാണെന്ന് വെളിവായിട്ടുണ്ട്.

(ഡി) ഉണ്ട്. 6,7 പ്രതികൾ ഗൂഢാലോചന നടത്തിയെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

സി.പി.ഐ.(എം.) പ്രവർത്തകർക്കെതിരെയുള്ള കേസ്

228 (236) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സമരം ചെയ്തതിന്റെപേരിൽ സംസ്ഥാനത്ത് എത്ര സി.പി.ഐ. (എം) പ്രവർത്തകർക്കെതിരെ പോലീസ് കേസ് എടുക്കുകയുണ്ടായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly